**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1651** | **07.03.2018-ൽ മറുപടിക്ക്**

## ഗർഭിണിയേയും കുട്ടികളെയും ആക്രമിച്ച കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കോടഞ്ചേരിയിൽ താമരശ്ശേരി തേനംകുഴിയിൽ സിബി ചാക്കോയുടെ ഗർഭിണിയായ ഭാര്യ ജോത്സനയെയും, രണ്ട് കുട്ടികളെയും സി.പി.എം.ബ്രാഞ്ച് സെക്രട്ടറി ഉൾപ്പെടുന്ന സംഘം ആക്രമിച്ചുവെന്ന കേസിലെ അന്വേഷണം ഏത് ഘട്ടത്തിലാണ്;<br>(ബി) ഗർഭിണിയായ ജോത്സനയുടെ വയറ്റിൽ പ്രതി ചവിട്ടിയതിനാൽ ഗർഭസ്ഥശിശു മരിക്കുവാൻ ഇടയായ സാഹചര്യമുണ്ടായിട്ടുണ്ടോ; | (എ) യും (ബി) യും കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 21/18 ആയി രജിസ്റ്റർ ചെയ്ത കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (സി) ഈ സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) മേൽ സംഭവത്തിന് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 21/18 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതിപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാപേരെയും അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. |
| (ഡി) സംഘർഷ സമയത്ത് സിബി ചാക്കോ കോടഞ്ചേരി പോലീസിന്റെ സഹായം തേടിയെങ്കിലും പോലീസ് സമയത്ത് എത്തിയില്ലായെന്ന ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) പോലീസ് സഹായം തേടിയിട്ടില്ലാത്തതും ആയത് സംബന്ധിച്ചുള്ള ആക്ഷേപം ഉണ്ടായിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ